Test Booklet No.
परीक्षा पुस्तिका संख्या

This Booklet contains **20** printed pages.
इस पुस्तिका में **20** मुद्रित पृष्ठ हैं ।

# MAK-23-I

**PAPER I / प्रश्न-पत्र I**
**PART IV & V / भाग IV & V**
**Malayalam Language Supplement**
**मलयालम भाषा परिशिष्ट**

Test Booklet Code
परीक्षा पुस्तिका कोड

**C**

**Do not open this Test Booklet until you are asked to do so.**
**इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए ।**
**Read carefully the Instructions on the Back Cover (Page 19 & 20) of this Test Booklet.**
**इस परीक्षा पुस्तिका के पिछले आवरण (पृष्ठ 19 व 20) पर दिए गए निर्देशों को ध्यान से पढ़ें ।**

**For instructions in Malayalam see Page 2 of this booklet. / मलयालम में निर्देशों के लिए इस पुस्तिका का पृष्ठ 2 देखें ।**

## *INSTRUCTIONS FOR CANDIDATES*

1. This booklet is a supplement to the Main Test Booklet for those candidates who wish to answer **EITHER** Part IV (Language I) **OR** Part V (Language II) in **MALAYALAM** language, but **NOT BOTH**.
2. Candidates are required to answer Parts I, II, III from the Main Test Booklet and Parts IV and V from the languages chosen by them.
3. Questions on English and Hindi languages for Part IV and Part V have been given in the Main Test Booklet. Language Supplements can be asked for separately.
4. Use **Blue/Black Ball Point Pen only** for writing particulars on this page/marking responses in the Answer Sheet.
5. The CODE for this Language Booklet is **C**. Make sure that the CODE printed on **Side-2** of the Answer Sheet and on your Main Test Booklet is the same as that on this Language Supplement Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet.
6. This Test Booklet has **two** Parts, IV and V consisting of **60** Objective Type Questions, and each carries 1 mark :
   Part IV : Language I – (Malayalam) *(Q. Nos. 91 – 120)*
   Part V : Language II – (Malayalam) *(Q. Nos. 121 – 150)*
7. Part IV contains 30 questions for Language I and Part V contains 30 questions for Language II. In this Test Booklet, only questions pertaining to **Malayalam** language have been given. **In case the language(s) you have opted for as Language I and/or Language II is a language other than Malayalam, please ask for a Supplement (Language) Test Booklet of C Code that contains questions on that language. The languages being answered must tally with the languages opted for in your Application Form. No change in languages is allowed.**
8. **Candidates are required to attempt questions in Language II (Part V) in a language other than the one chosen as Language I (Part IV) from the list of languages.**
9. Rough work should be done only in the space provided in the Test Booklet for the same.
10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers.

## *परीक्षार्थियों के लिए निर्देश*

1. यह पुस्तिका मुख्य परीक्षा पुस्तिका की एक परिशिष्ट है, उन परीक्षार्थियों के लिए जो **या** तो भाग IV (भाषा I) **या** भाग V (भाषा II) **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं** ।
2. परीक्षार्थी भाग I, II, III के उत्तर मुख्य परीक्षा पुस्तिका से दें और भाग IV व V के उत्तर उनके द्वारा चुनी भाषाओं से ।
3. अंग्रेज़ी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग IV व भाग V के अन्तर्गत दिए गए हैं । भाषा परिशिष्टों को आप अलग से माँग सकते हैं ।
4. इस पृष्ठ पर विवरण अंकित करने एवं उत्तर पत्र पर निशान लगाने के लिए **केवल नीले/काले बॉल पॉइंट पेन** का प्रयोग करें ।
5. इस भाषा पुस्तिका का **कोड C** है । यह सुनिश्चित कर लें कि इस भाषा परिशिष्ट पुस्तिका का कोड, उत्तर पत्र के **पृष्ठ-2** एवं मुख्य प्रश्न पुस्तिका पर छपे कोड से मिलता है । अगर यह भिन्न हो तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ ।
6. इस परीक्षा पुस्तिका में **दो** भाग IV और V हैं, जिनमें **60** वस्तुनिष्ठ प्रश्न हैं, तथा प्रत्येक 1 अंक का है :
   भाग IV : भाषा I – (मलयालम) *(प्रश्न सं. 91 – 120)*
   भाग V : भाषा II – (मलयालम) *(प्रश्न सं. 121 – 150)*
7. भाग IV में भाषा I के लिए 30 प्रश्न और भाग V में भाषा II के लिए 30 प्रश्न दिए गए हैं । इस परीक्षा पुस्तिका में केवल **मलयालम** भाषा से सम्बन्धित प्रश्न दिए गए हैं । **यदि भाषा I और/या भाषा II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है/हैं, तो कृपया C कोड वाली उस भाषा वाली परिशिष्ट (भाषा) परीक्षा पुस्तिका माँग लीजिए । जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन पत्र में चुनी गई भाषाओं से अवश्य मेल खानी चाहिएँ । भाषाओं का परिवर्तन अनुमन्य नहीं है ।**
8. **परीक्षार्थी भाषा II (भाग V) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा I (भाग IV) में चुनी गई भाषा से भिन्न हो ।**
9. रफ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें ।
10. सभी उत्तर केवल OMR उत्तर पत्र पर ही अंकित करें । अपने उत्तर ध्यानपूर्वक अंकित करें । उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है ।

Name of the Candidate (in Capital Letters) : ______________________
परीक्षार्थी का नाम (बड़े अक्षरों में) :
Roll Number (अनुक्रमांक) : in figures (अंकों में) ______________________
: in words (शब्दों में) ______________________
Centre of Examination (in Capital Letters) : ______________________
परीक्षा केन्द्र (बड़े अक्षरों में) :
Candidate's Signature : ______________ Invigilator's Signature : ______________
परीक्षार्थी के हस्ताक्षर : निरीक्षक के हस्ताक्षर :
Facsimile signature stamp of Centre Superintendent ______________________

ഈ പുസ്തകത്തിൽ 20 അച്ചടിച്ച താളുകൾ ഉണ്ട്.

# MAK-23-I

## പേപ്പർ I

## ഭാഗം IV & V

## മലയാള ഭാഷാ അനുബന്ധം

പരീക്ഷാ പുസ്തക

കോഡ്

**C**

**പറയുന്നതുവരെ ഈ പരീക്ഷാ പുസ്തകം തുറക്കരുത്.**

**ഈ പുസ്തകത്തിന്റെ പുറംതാളിൽ (പേജ് 19 & 20) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക.**

***പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ :***

1. ഈ പുസ്തകം മുഖ്യ പരീക്ഷാ പുസ്തകത്തിന്റെ ഒരു അനുബന്ധമാണ്. **ഭാഗം** IV (ഭാഷ I) **അല്ലെങ്കിൽ** V (ഭാഷ II) ഭാഗം മാത്രം **മലയാളത്തിൽ** ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്കുവേണ്ടിയാണ്. **രണ്ട് ഭാഗങ്ങളും** ഒരേ ഭാഷയിൽ എഴുതാനല്ല.
2. പരീക്ഷാർത്ഥികൾ I, II, III ഉം ഭാഗങ്ങൾ മുഖ്യപരീക്ഷാ പുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തിരഞ്ഞെടുത്ത ഭാഷയിലും ഉത്തരമെഴുതണം.
3. IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലീഷ് / ഹിന്ദി ചോദ്യങ്ങൾ മുഖ്യ പരീക്ഷാ പുസ്തകത്തിലുണ്ട്. ഇതര ഭാഷാ അനുബന്ധങ്ങൾ ചോദിച്ചുവാങ്ങുക.
4. ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, **നീല/കറുപ്പ് ബോൾ പോയിന്റ് പേന മാത്രം** ഉപയോഗിക്കുക.
5. ഈ പുസ്തക കോഡ് **C** ആണ്. നിങ്ങളുടെ ഉത്തരക്കടലാസ്സിന്റെ **സൈഡ് 2-ലും** നിങ്ങളുടെ മുഖ്യ പരീക്ഷാ പുസ്തകത്തിലും ഉള്ള കോഡ് ഈ ഭാഷാ അനുബന്ധത്തിലുള്ള അതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.
6. IV, V എന്ന **രണ്ടു** ഭാഗങ്ങൾ ഈ പുസ്തകത്തിൽ ഉണ്ട്, 60 വസ്തുനിഷ്ഠമായ (ഓബ്ജെക്റ്റീവ്) ചോദ്യങ്ങളും ഉണ്ട്, ഓരോ ചോദ്യത്തിനും **ഒരു (1)** മാർക്ക് :

   ഭാഗം IV – ഭാഷാ I (മലയാളം) *(ചോ 91 – 120)*

   ഭാഗം V – ഭാഷാ II (മലയാളം) *(ചോ 121 – 150)*
7. ഭാഗം IV ൽ (ഭാഷാ I) 30 ചോദ്യങ്ങളും ഭാഗം V ൽ (ഭാഷാ II) 30 ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തകത്തിൽ മലയാളഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണ് ഉള്ളത്. **നിങ്ങൾ മലയാള ഭാഷയല്ലാതെ വേറേ ഭാഷയാണ് ഭാഷ I / ഭാഷ II തിരഞ്ഞെടുത്തതെങ്കിൽ, ആ ഭാഷയിലെ കോഡ് C യിലുള്ള അനുബന്ധ (ഭാഗം) പരിക്ഷാ പുസ്തകം ആവശ്യപ്പെടുക. അപേക്ഷാ ഫോമിലെന്ത് ഭാഷയാണോ നിങ്ങൾ ഐഛികമായി എടുത്തിരിക്കുന്നത് അതേഭാഷയിൽ തന്നെ ചോദ്യങ്ങൾക്കായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്. ഭാഷകളിൽ മാറ്റമൊന്നും അനുവദനീയമല്ല.**
8. **പരീക്ഷാർത്ഥികൾ ഭാഷ II (ഭാഗം V) ൽ ഉത്തരമെഴുതുന്ന ഭാഷ I (ഭാഗം IV) ൽ നിന്നും വ്യത്യസ്തമായ ഭാഷയായിരിക്കണം.**
9. റഫ് വർക്ക് പരീക്ഷാ പുസ്തകത്തിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്ത് മാത്രം ചെയ്യുക.
10. ഉത്തരങ്ങൾ OMR ഉത്തര പുസ്തകത്തിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേര് (വലിയ അക്ഷരത്തിൽ) : ______________________

റോൾ നമ്പർ : (അക്കത്തിൽ) ______________________

: (അക്ഷരത്തിൽ) ______________________

പരീക്ഷാ കേന്ദ്രം (വലിയ അക്ഷരത്തിൽ) : ______________________

പരീക്ഷാർത്ഥിയുടെ ഒപ്പ് : ____________ ഇൻവിജിലേറ്ററിന്റെ ഒപ്പ് : ____________

Facsimile signature stamp of
Centre Superintendent ______________________

Candidates should answer questions from the following Part only if they have opted for **MALAYALAM** as **LANGUAGE–I**.

# വിഭാഗം IV
## ഭാഷ I
## മലയാളം

***നിർദ്ദേശങ്ങൾ :*** *താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (ചോദ്യം 91 മുതൽ 99 വരെ) ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.*

മഹാഭാരതയുദ്ധം തീർച്ചപ്പെട്ടുകഴിഞ്ഞ സമയം. ഭൂലോകത്തു നടക്കുന്ന ഏറ്റവും വലിയ ഈ മഹായുദ്ധം കണ്ടാസ്വദിക്കുവാൻ ദേവലോകത്തുനിന്ന് ഒരുകൂട്ടം ദേവന്മാർ ഭൂമിയിൽ എത്തി. ദേവാസുരയുദ്ധങ്ങളിൽ ഭൂമിയിലെ മഹാരഥികളായ പല രാജാക്കന്മാരും പങ്കെടുത്തിട്ടുണ്ട്. അവരൊക്കെ പാണ്ഡവ-കൗരവപക്ഷങ്ങളിൽ അണിനിരക്കുന്നുണ്ട്. വീരന്മാരായ പാണ്ഡവന്മാർ ദേവന്മാരുടെ അനുഗ്രഹത്താൽ ഉണ്ടായ സന്തതികളാണ്. അവരിൽ ദേവേന്ദ്രന്റെ പുത്രനായ അർജ്ജുനൻ വില്ലാളിവീരനാണ്; ഒറ്റയ്ക്ക് ഒരു മഹായുദ്ധം ജയിക്കാൻ പോന്നവനുമാണ്. ദേവലോകത്ത് ഇരുന്ന് ജ്ഞാനദൃഷ്ടിയിലൂടെ യുദ്ധം കാണാമെങ്കിലും നേരിട്ടുകാണുന്നത്ര അനുഭൂതി ലഭിക്കുകയില്ലല്ലോ.

തങ്ങളുടെ സാന്നിദ്ധ്യം ഋഷിമാരും മറ്റു ജ്ഞാനികളും തിരിച്ചറിയുമെന്നതിനാൽ ദേവന്മാർ അവരുടെ ശരീരങ്ങൾ ഹിമാലയത്തിന്റെ പരിപാവനമായ പ്രദേശങ്ങളിൽ ഒളിപ്പിച്ചുവച്ചു. യുദ്ധം അവസാനിച്ചശേഷം തിരിച്ചുവന്നപ്പോൾ ഈ ശരീരങ്ങൾ നഷ്ടപ്പെട്ടതായി കണ്ടു. ദേവലോകത്തേക്കു തിരിച്ചുപോകാൻ മാർഗമില്ലാതെ ഇവർ ഉത്തരാഖണ്ഡിലും ഹിമാചൽപ്രദേശത്തും സിക്കിമിലും തങ്ങി. ഇവരുടെ ദിവ്യസാന്നിദ്ധ്യം ഈ പ്രദേശങ്ങളിൽ ഇന്നും നിലനിൽക്കുന്നു എന്നാണു വിശ്വാസം. ദേവഭൂമി എന്ന പേരിൽ ഈ സ്ഥലങ്ങൾ അറിയപ്പെടാനും ഇതാണു ഹേതു. ഈ ദേവസംഗമഭൂമിയിൽക്കൂടി തീർഥയാത്ര നടത്തുമ്പോൾ, തീർഥാടകർ ഉത്തേജിതരായി ആത്മീയസാക്ഷാത്കാരത്തോട് അടുക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല. തീർഥയാത്രയുടെ പ്രസക്തിയെക്കുറിച്ച് 'മഹാഭാരതം' വനപർവത്തിൽ വ്യാസമുനി വിസ്തരിക്കുന്നുണ്ട്. വനവാസക്കാലത്ത് അർജുനൻ അഞ്ചുവർഷം നീണ്ടുനിൽക്കുന്ന തീർഥയാത്രയ്ക്ക് പോവുകയുണ്ടായി. കാനനമധ്യത്തിലെ ആശ്രമത്തിൽ വസിക്കുമ്പോൾ പാണ്ഡവന്മാരെ സന്ദർശിക്കുവാൻ എത്തിച്ചേർന്ന ദേവർഷിയായ നാരദമുനിയോട് ധർമപുത്രർ തീർഥയാത്രയുടെ പ്രസക്തിയെക്കുറിച്ച് ആരായുന്നു. മുൻപ്, ഭീഷ്മർ ദേവർഷിയായ പുലസ്ത്യ മഹർഷിയിൽനിന്ന് ഇതിനുള്ള മറുപടി കേട്ടിട്ടുണ്ടെന്നും താനത് വിസ്തരിച്ചു പറയാമെന്നും നാരദമുനി അറിയിച്ചു.

**91.** ദേവന്മാർ ഭൂമിയിൽ വന്നത് എന്തിന് ?

(1) യുദ്ധം ഒഴിവാക്കാൻ

(2) യുദ്ധം ജയിക്കാൻ

(3) സൗന്ദര്യം ആസ്വദിക്കാൻ

(4) യുദ്ധം കണ്ട് ആസ്വദിക്കാൻ

92. ശരീരം ഒളിപ്പിച്ചുവച്ചതാര് ?
(1) കൗരവന്മാർ
(2) അസുരന്മാർ
(3) ദേവന്മാർ
(4) പാണ്ഡവന്മാർ

93. വനപർവത്തിൽ വ്യാസൻ വിസ്തരിക്കുന്നത് എന്ത് ?
(1) തീർത്ഥയാത്രയുടെ പ്രസക്തി
(2) ഈശ്വരവിശ്വാസത്തിന്റെ പ്രസക്തി
(3) യുദ്ധത്തിന്റെ പ്രസക്തി
(4) ദേവഭൂമിയുടെ പ്രസക്തി

94. 'വനം' എന്ന അർത്ഥത്തിൽ ഇവിടെ കാണുന്ന മറ്റൊരു വാക്ക് ?
(1) മുനി
(2) കാനനം
(3) ആശ്രമം
(4) പക്ഷം

95. 'അനുഗ്രഹം' എന്നതിന്റെ വിപരീതപദം?
(1) ഉപഗ്രഹം
(2) നിഗ്രഹം
(3) സംഗ്രഹം
(4) ആഗ്രഹം

96. 'ഹേതു' എന്നതിന്റെ അർത്ഥം ?
(1) വിശ്വാസം
(2) ബുദ്ധി
(3) കാരണം
(4) യുക്തി

97. അർജ്ജുനന്റെ അച്ഛൻ ആര് ?
(1) വായു
(2) അഗ്നി
(3) യമൻ
(4) ഇന്ദ്രൻ

98. തീർത്ഥയാത്രയെപ്പറ്റി യുധിഷ്ഠിരനോട് വിശദീകരിച്ചത് ആര് ?
(1) നാരദൻ
(2) ഭീഷ്മർ
(3) വിദുരർ
(4) പുലസ്ത്യൻ

99. താഴെക്കാണുന്നവയിൽ 'യുദ്ധം' എന്നതിന്റെ പര്യായമല്ലാത്ത പദമേത് ?
(1) അങ്കം
(2) രണം
(3) നിണം
(4) സംഗരം

***നിർദ്ദേശങ്ങൾ :*** *താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (ചോദ്യം 100 മുതൽ 105 വരെ) ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.*

പ്രദോഷദീപാവലി കണ്ടുകൊണ്ടു
പാശ്ചാത്യഭൂഭാഗമണഞ്ഞ സൂര്യൻ
പ്രഭാതദീപാവലി കണ്ടുകൊണ്ടു
പൗരസ്ത്യദേശത്തെയണഞ്ഞു വീണ്ടും

കള്ളന്റെ കണ്ണിന്നമലാഞ്ജനത്വം
കൈക്കൊണ്ടു കാണായ തമസ്സൊഴിഞ്ഞു
പ്രകാശമോ വീണ്ടുമനാദികാല-
സാമ്രാജ്യപീഠത്തെയലങ്കരിച്ചു.
താക്കോൽ കൊടുക്കാതരുണോദയത്തിൽ-
ത്താനേ മുഴങ്ങും വലിയോരലാറം
പൂങ്കോഴിതൻ പുഷ്കലകണ്ഠനാദം
കേട്ടിങ്ങുണർന്നേറ്റു കൃഷീവലന്മാർ.

പാടത്തുപോയ്പ്പാംസുലപാദചാരി
കൃഷീവലൻ വേല തുടങ്ങി നൂനം
സോത്സാഹമായ് കാലികളെത്തെളിക്കു-
മവന്റെ താരസ്വരമുണ്ടു കേൾപ്പൂ.

100. 'ദീപാവലി' എന്നതിന്റെ അർത്ഥം എന്ത്?
(1) ദീപക്കൂട്ടം
(2) ദീപക്കാഴ്ച
(3) ദീപങ്ങളുടെ ചൂട്
(4) ദീപാഘോഷം

101. 'പൗരസ്ത്യം' എന്നതിന്റെ വിപരീതാർത്ഥത്തിൽ കവിതയിലുള്ള പദമേത് ?
(1) താരസ്വരം
(2) പ്രദോഷം
(3) സാമ്രാജ്യപീഠം
(4) പാശ്ചാത്യം

102. അലാറമായി കവി സങ്കല്പിച്ചതെന്ത് ?
(1) അമലാഞ്ജനത്വം
(2) പാദചാരി
(3) പൂങ്കോഴിയുടെ കൂവൽ
(4) അരുണോദയം

103. 'ഇരുട്ടുനീങ്ങി' എന്നതിനു പകരം കവിതയിലുള്ള പ്രയോഗം ഏത് ?
(1) ഉണർന്നെഴുന്നേറ്റു
(2) തമസ്സൊഴിഞ്ഞു
(3) കൈക്കൊണ്ടു
(4) അലങ്കരിച്ചു

104. താഴെക്കാണുന്നവയിൽ 'കള്ളൻ' എന്നതിന്റെ പര്യായമല്ലാത്തത് ഏത്?
(1) ചോരൻ
(2) മോഷ്ടാവ്
(3) ദാതാവ്
(4) തസ്കരൻ

105. കർഷകൻ ഉത്സാഹത്തോടെ ചെയ്തതെന്ത് ?
(1) പീഠത്തെ അലങ്കരിച്ചു
(2) ദേശത്തണഞ്ഞു
(3) കാലി തെളിച്ചു
(4) ഉണർന്നെണീറ്റു

***നിർദ്ദേശങ്ങൾ :** ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക (ചോദ്യം 106 മുതൽ 120 വരെ).*

106. മൂന്നാം ക്ലാസ്സിലെ കുട്ടികൾക്കു മുന്നിൽ അദ്ധ്യാപിക പുതിയ പദാവലി അവതരിപ്പിക്കുകയാണ്. താഴെ കാണുന്നവയിൽ ഏതാണ് പദാവലി അവതരിപ്പിക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗം ?
(1) വാക്കിന്റെ സംക്ഷിപ്തനിർവചനം അദ്ധ്യാപിക നൽകണം
(2) വാക്ക് ഉപയോഗിക്കപ്പെടുന്ന സാഹചര്യത്തിന്റെ അർത്ഥം വിശദമാക്കാൻ അദ്ധ്യാപിക ശ്രമിക്കണം
(3) അദ്ധ്യാപിക ബ്ലാക്ബോർഡിൽ വാക്കിന്റെ അർത്ഥം എഴുതുകയും അത് ഹൃദിസ്ഥമാക്കാൻ കുട്ടികളോട് ആവശ്യപ്പെടുകയും വേണം
(4) അദ്ധ്യാപിക കുട്ടികൾക്ക് വാക്കുകളുടെ വിപരീതപദങ്ങളും അവരുടെ ഭാഷയിലുള്ള അർത്ഥവും പറഞ്ഞുകൊടുക്കണം

107. ഒരു ഭാഷ പഠിക്കുക എന്ന കാര്യം
(1) പ്രക്രിയയാണ്
(2) ഉത്പന്നമാണ്
(3) നൈപുണിയാണ്
(4) സമാർജ്ജനമാണ്

108. ഉദാഹരണത്തിന് യോജിക്കുന്ന പദ്ധതി തിരഞ്ഞെടുക്കുക.
'*ശരിയെന്ന് ഉറപ്പുള്ള ഭാഷ ഉപയോഗിക്കുന്നതിൽ ഞാൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.*'
(1) പുനഃപരിശോധിക്കുക
(2) സ്വയം നിരീക്ഷിക്കുക
(3) ട്രാൻസ്‌ലാങ്ഗ്വേജിങ്
(4) മനഃപാഠം പഠിക്കുക

109. ക്ലാസ് IIലെ കുട്ടികൾ 'തലയും ചുമലുകളും കാൽമുട്ടുകളും ഉപ്പൂറ്റിയും' എന്ന പാട്ട് പാടുന്നു. പാടുന്നതിനൊപ്പം അവർ സ്വന്തം ശരീരത്തിലെ കൃത്യമായ സ്ഥാനങ്ങളിൽ തൊടുന്നുമുണ്ട്. ഏതു മാർഗ്ഗം ഉപയോഗിച്ചാണ് അദ്ധ്യാപിക കുട്ടികളെ ഇതു പഠിപ്പിക്കുന്നത്.
(1) ആശയവിനിമയഭാഷാപഠനം
(2) പൂർണ്ണശാരീരികപ്രതികരണം
(3) എലക്ടിക്
(4) ശ്രവണഭാഷ

**110.**

| വായനയുടെ രീതികൾ | | വായനക്കാർ ചെയ്യുന്നത് |
|---|---|---|
| A. പ്രവചനം | i. | എഴുത്തുകാർ എങ്ങനെ എഴുതി എന്നതിനെ അടിസ്ഥാനമാക്കി അർത്ഥം വായനക്കാർ നിർണ്ണയിക്കുന്നു |
| B. മനോഭാവം അനുമാനിക്കുക | ii. | അപരിചിതപദങ്ങൾ മനസ്സിലാക്കാൻ സഹായകമായ വിധത്തിൽ അവർ പാഠത്തിന്റെ ഭാഗങ്ങളെ ഉപയോഗിക്കുന്നു |
| C. സന്ദർഭത്തിൽനിന്ന് അർത്ഥം അനുമാനിക്കുക | iii. | ശീർഷകങ്ങളോ ആമുഖശൈലികളോ ശ്രദ്ധിച്ചുകൊണ്ട് എങ്ങനെയാണ് വിവരം സംഘടിപ്പിച്ചിരിക്കുന്നതെന്ന് അവർ കണ്ടറിയുന്നു |
| D. തീക്ഷ്ണവായന | iv. | പാഠത്തിന്റെ ഒരു ഭാഗത്ത് ഭാഷ എങ്ങനെയാണ് ഉപയോഗിച്ചിരിക്കുന്നത് എന്ന് അവർ പ്രത്യേകം ശ്രദ്ധിക്കുന്നു |
| E. പാഠസംഘടനയെ തിരിച്ചറിയുക | v. | അവർ സ്വയം ശീർഷകങ്ങളും ചിത്രങ്ങളും ഉപയോഗിച്ച് പാഠം ഉദ്ദേശിക്കുന്ന ആശയങ്ങൾ നൽകുന്നു |

മേൽപറഞ്ഞ വായനയിൽനിന്ന് വായനക്കാർ ചെയ്യുന്നതെന്തെന്ന് പട്ടികയായി ക്രമപ്പെടുത്തുക :

(1) A-i, B-iv, C-v, D-ii, E-iii

(2) A-ii, B-i, C-iii, D-iv, E-v

(3) A-iv, B-iii, C-ii, D-i, E-v

(4) A-v, B-i, C-ii, D-iv, E-iii

**111.** കഴിഞ്ഞ യൂണിറ്റിലെ പദാവലിയെ സംബന്ധിച്ച അഞ്ചുചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിന് വിദ്യാർത്ഥികൾ കൂട്ടമായി പ്രവർത്തിക്കുകയാണ്. അപ്പോൾ അവർ മറ്റൊരു സംഘവുമായി ചോദ്യങ്ങൾ കൈമാറുകയും ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയുമാണ്. ഇത് ഉദാഹരണമാകുന്നത്,

(1) ഫീഡ്ബാക്ക്

(2) വായനയുടെ വിലയിരുത്തൽ

(3) സതീർത്ഥ്യരുടെ വിലയിരുത്തൽ

(4) സ്വയം വിലയിരുത്തൽ

**112.** ഒരു വാക്കോ ശൈലിയോ രേഖപ്പെടുത്തിയ ഒരു കാർഡ് ടീച്ചർ തരുമ്പോൾ ഞാൻ അത് ഇഷ്ടപ്പെടുന്നു. കൂടാതെ, ക്ലാസ് കഴിഞ്ഞും പുറത്തും ഞാൻ ആ വാക്ക് എന്തെന്ന് ഊഹിച്ചെടുക്കുന്നതിനു വേണ്ടി ശ്രമിക്കുകയും ചെയ്യുന്നു.

താഴെ കൊടുത്തിട്ടുള്ള പട്ടികയിൽനിന്ന് പഠിതാക്കളുടെ പ്രതികരണങ്ങളുടെ മുൻഗണനാക്രമം കണ്ടെത്തുക.

(1) ഭാഷ കേൾക്കുമ്പോൾ ഞാൻ ഭാഷ നന്നായി ഓർക്കുന്നു

(2) കാർഡിലെ ശൈലി മനഃപാഠമാക്കുമ്പോൾ ഞാൻ ഭാഷ നന്നായി ഓർക്കുന്നു

(3) പേശീചലനബോധമുണ്ടാക്കുന്ന പ്രക്രിയയിൽ മുഴുകുമ്പോൾ ഞാൻ ഭാഷ നന്നായി ഓർക്കുന്നു

(4) ഭാഷ കാണുമ്പോൾ ഞാൻ ഭാഷ നന്നായി ഓർക്കുന്നു

**113.** *ദൃഢീകരണം (A) :*
സ്കൂൾ പ്രവേശനം നേടുന്ന എല്ലാ കുട്ടികളും അവരുടെ പ്രായത്തിനു ചേരുന്ന ഭാഷാപ്രയോക്താക്കളാണ്.
*കാരണം (R) :*
ഭാഷയുടെയും സംസ്കാരത്തിന്റെയും വൈവിധ്യം കാരണം അവർക്ക് തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാനാവുന്നില്ല.
താഴെ കാണുന്നവയിൽനിന്ന് ഏറ്റവും യോജിച്ച ഉത്തരം തിരഞ്ഞെടുക്കുക.

(1) (A) യും (R) ഉം ശരി, (A) യുടെ ശരിയായ വിശദീകരണമല്ല (R)

(2) (A) ശരി, (R) ശരിയല്ല

(3) (A) ശരിയല്ല, (R) ശരിയാണ്

(4) (A) യും (R) ഉം ശരി, (A) യുടെ ശരിയായ വിശദീകരണമാണ് (R)

**114.** അഞ്ചാംതരത്തിലെ മഞ്ജിത് പല രീതിയിൽ അദ്ധ്യാപികയോട് സംസാരിക്കാറുണ്ട്, അതുപോലെതന്നെ കൂട്ടുകാരോടും രണ്ടു വയസ്സുള്ള കുഞ്ഞിനോടും. ഈ ഭാഷാഗുണം അറിയപ്പെടുന്നത്,

(1) അർത്ഥവിജ്ഞാനീയം

(2) പ്രായോഗികജ്ഞാനം

(3) ഭാഷണനാട്യം

(4) പ്രകൃതിശാസ്ത്രജ്ഞൻ

**115.** തന്റെ കുട്ടി ചിലപ്പോൾ മുതിർന്നവരോ കുട്ടികളോ ഒരിക്കലും പറഞ്ഞതായി കേട്ടിട്ടില്ലാത്ത വാക്കുകൾ പറയുന്നത് ഒരു അമ്മ ശ്രദ്ധിച്ചു. ഇത് കുട്ടി തന്റെ കുടുംബത്തിലുള്ളവരെയോ ചുറ്റുപാടുമുള്ളവരെയോ അനുകരിച്ചു പറയുന്നതാണോ എന്ന ചിന്താക്കുഴപ്പത്തിൽപ്പെട്ടു ആ അമ്മ. അമ്മയുടെ വിശ്വാസം മാറ്റൊലിക്കൊള്ളിച്ചത്,

(1) ചേഷ്ടാവാദം

(2) ജ്ഞാനനിർമ്മിതിവാദം

(3) ബഹുഭാഷിത്വം

(4) സ്വന്തമായ ആശയസംഹിത

**116.** കുട്ടികളിൽ ഔപചാരികമായ വായനപ്രേരണകൾ ഉണ്ടാകുന്നതിനു മുൻപുതന്നെ വികസിക്കുന്നതും പില്ക്കാലത്തെ അക്കാദമികശേഷികൾ പ്രദാനം ചെയ്യുന്നതുമായ നൈപുണികളാണ്,

(1) വികസ്വരപാഠ്യപദ്ധതി

(2) വികസ്വരവസ്തുക്കൾ

(3) വികസ്വരസാക്ഷരത

(4) വികസ്വരപരിഹാരം

**117.** വീട്ടിലുള്ള പുസ്തകങ്ങൾ കുട്ടികൾക്കു വേണ്ടി വായിച്ചുകൊടുക്കാൻ മുത്തശ്ശി ഇഷ്ടപ്പെടുന്നു. ഇത് കുട്ടികളെ പുസ്തകങ്ങളിലേക്കും ആശയങ്ങളിലേക്കും അടുപ്പിക്കുകയും അവരെ ആ മാർഗ്ഗത്തിൽ സക്രിയരായി ബന്ധിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയാണ്. ഈ തന്ത്രം അറിയപ്പെടുന്നത്,

(1) പങ്കാളിത്തവായന

(2) സംഭാഷണവായന

(3) ഉറക്കെയുള്ള വായന

(4) മാതൃകാവായന

**118.** അക്ഷരങ്ങളും സ്വനിമങ്ങളും പോലുള്ള അടിസ്ഥാനഘടകങ്ങളോടു കൂടിയ വായന പഠിക്കാനുള്ള ഒരു സമീപനം, അത് പൂർണ്ണവായനയിലേക്കു നയിക്കുന്നതിനു മുൻപുതന്നെ കുട്ടികളെ സ്വനിമങ്ങൾ കൂട്ടിയോജിപ്പിച്ച് വാക്കുകൾ നിർമ്മിക്കാൻ സഹായിക്കുന്നതാണ്,

(1) മധ്യോപരിസമീപനം

(2) സമഗ്രഭാഷാസമീപനം

(3) ഘടനാപരസമീപനം

(4) മേൽകീഴുസമീപനം

**119.** *ദൃഢീകരണം (A) :*
സ്വനിമവർണ്ണവിന്യാസത്തിന്റെ ഉപയോഗം ശരിയായ ഉച്ചാരണപഠനശേഷിയെ മന്ദീഭവിപ്പിക്കുന്നു.
*കാരണം (R) :*
കൊച്ചുകുട്ടികൾ സാമ്പ്രദായികമായ വർണ്ണവിന്യാസക്രമത്തിനു മുൻപേ, അവർ 'കണ്ടുപിടിച്ച' ഉച്ചാരണം ഉപയോഗിക്കുമ്പോൾ, അത് അവരുടെ ശരിയായ ഉച്ചാരണശേഷിയെ മന്ദീഭവിപ്പിക്കുന്നില്ല.
താഴെ കൊടുത്തിട്ടുള്ള കോഡുകളിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

(1) (A) യും (R) ഉം ശരി, (A) യുടെ കൃത്യമായ വിശദീകരണമല്ല (R)

(2) (A) ശരിയാണ്, (R) ശരിയല്ല

(3) (A) ശരിയല്ല, (R) ശരിയാണ്

(4) (A) യും (R) ഉം ശരി, (A) യുടെ കൃത്യമായ വിശദീകരണമാണ് (R)

**120.** പുതിയ ഭാഷ പഠിക്കുമ്പോൾ, മിക്ക കുട്ടികളും ആ ഭാഷയുടെ സവിശേഷമായ ഉച്ചാരണനിയമങ്ങൾ കാരണം ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസമില്ലാത്തവരാകുന്നു. ഈ പ്രശ്നത്തെ അതിജീവിക്കാനുള്ള ഒരു മാർഗ്ഗം,

(1) ക്ലാസ്സിൽ പങ്കാളിത്ത സംഭാഷണത്തോടു കൂടിയ കളികൾ പോലുള്ള പ്രവർത്തനങ്ങൾ നടത്തുക

(2) കൗൺസലറെ ഉപയോഗിച്ച് കളികളിലൂടെ പ്രത്യേക ഭാഷണ ചികിത്സ നടത്തുക

(3) തെറ്റുകൾ ഉണ്ടാകുമ്പോൾത്തന്നെ തിരുത്തുക

(4) ക്ലാസ്സിൽ കുട്ടികളുടെ ഉച്ചത്തിലുള്ള വായന

Candidates should answer questions from the following Part only if they have opted for **MALAYALAM** as **LANGUAGE–II**.

# വിഭാഗം V

## ഭാഷ II

## മലയാളം

***നിർദ്ദേശങ്ങൾ** : താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (ചോദ്യം 121 മുതൽ 128 വരെ) ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.*

പ്രപഞ്ചത്തെക്കാൾ എത്രയോ പ്രായം കുറഞ്ഞ മനുഷ്യൻ പ്രകൃതിയുടെ കനിഷ്ഠസന്താനമല്ലേ? അതിനാലായിരിക്കാം, ശൈശവസാധാരണമായ അത്ഭുതാത്മകഭാവത്തിന്റെ വലയം ചുഴുന്നതാണ് ഇന്നും അവന്റെ ജീവിതം. രൂപം, നാദം, രസം, ഗന്ധം, സ്പർശം – എല്ലാം അവന്റെ ഇന്ദ്രിയങ്ങളെ ജാഗരൂകങ്ങളാക്കിക്കൊണ്ടേ ഇരിക്കുന്നു. ഹൃദയത്തെയും ആത്മാവിനെയും കോരിത്തരിപ്പിക്കുന്ന കഥകളാണ് ഇന്ദ്രിയങ്ങൾക്ക് എന്നുമെങ്ങും നിവേദിപ്പിക്കുവാനുള്ളത്. മനുഷ്യാത്മാവിന് ആ കഥാകഥനം എത്ര നീണ്ടാലും നീണ്ടുപോകുന്നതായി തോന്നാറില്ല. പുതിയ അനുഭവങ്ങൾ വിവരിക്കുവാൻ പുതിയ ഇന്ദ്രിയങ്ങൾ ലഭിക്കാത്തതിനാലാണ് അസംതൃപ്തി. ഇന്ദ്രിയദ്വാരാ പരിചയപ്പെടുന്ന ബാഹ്യപ്രപഞ്ചം അത്ഭുതജിജ്ഞാസകളെ ഉണർത്തുന്നു. ഭാവന, വികാരം, വിചാരം ഈ മാനസവ്യാപാരങ്ങളിലൂടെ ആത്മാവിൽ പ്രതിബിംബിതങ്ങളായ പ്രാകൃതിക പ്രതിഭാസങ്ങളെ ആശയങ്ങളാക്കി രൂപവത്കരിക്കാനും പരസ്പരം ബന്ധിപ്പിക്കാനും വ്യാഖ്യാനിക്കാനും ഉദ്ഗ്രഥിക്കാനും പ്രകാശിപ്പിക്കാനും അത്ഭുതാത്മകചേതന ആരംഭിക്കുന്നു. കലയുടെയും പ്രപഞ്ചതത്ത്വ വിജ്ഞാനത്തിന്റെയും ഈ ഉറവ് ചിലരിൽ സജീവമായി ഉദ്ഗമിക്കുന്നുണ്ട്; ചിലരിൽ മഞ്ഞുതുള്ളിപോലെ പൊടിഞ്ഞുവറ്റുകയാണ്. ആത്മാവിന്റെ സാനുവിലെവിടെയോ ഇനിയും വറ്റാതെ വാർന്നുകൊണ്ടിരിക്കുന്ന ആ അത്ഭുതാത്മകമായ ചിത്തവൃത്തിയായിരിക്കണം പ്രകൃതിയെയും മനുഷ്യജീവിതത്തെയും ശ്രദ്ധിക്കാനും സ്നേഹിക്കാനും ആസ്വദിക്കാനുമുള്ള കൗതുകം എനിക്കു തന്നത്; ആ ആത്മീയഭാവം തന്നെയായിരിക്കണം എന്റെ കവിതയുടെ – അതെത്ര കൃശവും അപൂർണ്ണവുമായിരുന്നാലും – ഉറവിടം.

വിജ്ഞാനം വർദ്ധിക്കുന്തോറും അത്ഭുതം കുറഞ്ഞുവരുമെന്നും ഭാവനാവികാരങ്ങളെ വിചാരശക്തി വിഴുങ്ങിക്കളയുമെന്നും ഒരു വാദമുണ്ട്; ശരിയാണതെന്നു തോന്നുന്നില്ല. സൗരയൂഥത്തെ സംബന്ധിച്ചു ശാസ്ത്രത്തിനു പറയാനുള്ളതു കേൾക്കുമ്പോൾ ഭൂമിയും ഇതരഗോളങ്ങളും അധികം ഭാവനാരമ്യമായ രൂപംപ്രാപിക്കയല്ലേ മനുഷ്യദൃഷ്ടിക്ക്? അനന്തമായ ആകാശത്തിൽ പ്രേമോഷ്മളമായ പ്രസന്നമുഖത്തോടെ നിർന്നിമേഷം ചാഞ്ഞും നേരെനിന്നും നോക്കുന്ന നിത്യകാമുകനായ ആദിത്യൻ, ഋതുഭേദങ്ങളിൽ സ്ഫുരിക്കുന്ന ഭാവവൈചിത്ര്യത്തോടുകൂടി പിറകിലഴിഞ്ഞുലയുന്ന തിമിരകബരീഭാരത്തോടെ സ്വയം തിരിഞ്ഞു വട്ടത്തിൽ നൃത്തം വയ്ക്കുന്ന വർണ്ണനാദചലനരമണീയയായ ഭൂമി – എനിക്കു ദർശനീയമാണ് ഈ സൗഭാഗ്യം കലർന്ന സാങ്കല്പികചിത്രമിന്നും. ഒരു ചെറിയ ‘സെൽ’ ഒരു ശകുന്തളയായി വളരുക! ജ്ഞാനം വികാരഭാവനകളുടെ ചക്രവാളം

വിപുലമാക്കുകയാണ്, വിസ്മയത്തെ വിജൃംഭിപ്പിക്കുകയാണ്. മേഘത്തിന്റെ മടിയിൽ നിന്നു മേഘത്തിന്റെ മടിയിലേക്കു കുതിക്കുന്ന മിന്നൽക്കൊടിയെക്കണ്ട് ആരും അരികത്തില്ലാത്തപ്പോൾ ഇടവപ്പാതിക്കാലത്തെ അന്തിക്കൂരിരുളിന്റെ ചുരുളിൽ എന്റെ കൊച്ചുവീടിന്റെ കോലായിൽനിന്നു ബാല്യത്തിൽ ഞാനെന്തിനെന്നറിയാതെ തുള്ളിപ്പോയിട്ടുണ്ട്. ഇന്ന് എനിക്കു വിദ്യുച്ഛക്തിയെക്കുറിച്ച് പണ്ടത്തെ അജ്ഞതയില്ല. എന്റെ മേശയുടെ മുൻപിൽ നേരിയ സ്ഫാടിക മൂടുപടത്തിലൂടെ ഞാൻ എഴുതുന്നത് എത്തിനോക്കി പുഞ്ചിരിക്കൊള്ളുന്ന അവൾ എന്റെ കുടുംബാംഗമായിക്കഴിഞ്ഞിട്ടുമുണ്ട്. എന്റെ അത്ഭുതം കുറയുകയല്ല കൂടുകയാണ് വിദ്യുല്ലതയെക്കുറിച്ച്; ആ അപ്സരസ്സിനെ ആകർഷിച്ച മനുഷ്യനെക്കുറിച്ചും. തൊടാൻ ചെന്നാൽ അവിവേകത്തെ ചാരമാക്കുന്ന ആ ചാരിത്രധാമം മറ്റൊരു ദമയന്തിയാണ്. ശാസ്ത്രീയസംസ്കാരം കവിഭാവനയുടെ ചിറകിനു സത്യത്തിന്റെ ഞരമ്പും വിടരാനുള്ള കഴിവും നൽകുന്നു.

**121.** 'കനിഷ്ഠൻ' എന്നതിന്റെ വിപരീതപദം ഏത് ?
(1) ദുഷ്ടൻ
(2) ജ്യേഷ്ഠൻ
(3) തുഷ്ടൻ
(4) ഇഷ്ടൻ

**122.** താഴെ കൊടുത്തവയിൽ ഇന്ദ്രിയാനുഭവം അല്ലാത്തത് ഏത് ?
(1) ഓർമ്മ
(2) നാദം
(3) ഗന്ധം
(4) രൂപം

**123.** 'കഥനം' എന്നതിന്റെ അർത്ഥമെന്ത് ?
(1) ഗമനം
(2) സംയോഗം
(3) ആലോചന
(4) പറച്ചിൽ

**124.** സ്വന്തം കവിതയുടെ ഉറവിടമായി എഴുത്തുകാരൻ വ്യക്തമാക്കുന്നത് എന്ത് ?
(1) അസംതൃപ്തി
(2) ശ്രദ്ധ
(3) ആത്മീയഭാവം
(4) അത്ഭുതം

**125.** അറിവു കൂടിയാലും കുറയാത്തത് എന്ത് ?
(1) സൗഭാഗ്യം
(2) പ്രസന്നത
(3) സ്നേഹം
(4) ഭാവന

**126.** 'നിർന്നിമേഷം' എന്നതിന്റെ അർത്ഥം എന്ത് ?
(1) കണ്ണടയ്ക്കാതെ
(2) കണ്ണുവെട്ടിച്ച്
(3) കണ്ണുരുട്ടി
(4) കണ്ണടച്ച്

**127.** വികാരത്തെ വികസിപ്പിക്കുന്നത് എന്ത് ?
(1) വൈരൂപ്യം
(2) അറിവ്
(3) അജ്ഞത
(4) സൗന്ദര്യം

**128.** ഇടവപ്പാതിയുടെ പ്രത്യേകത എന്ത് ?
(1) മഴക്കാലം
(2) മഞ്ഞുകാലം
(3) വിഷുക്കാലം
(4) വേനൽക്കാലം

***നിർദ്ദേശങ്ങൾ :*** *താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (ചോദ്യം 129 മുതൽ 135 വരെ) ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.*

വൈവിധ്യസുന്ദരമായ സസ്യലോകം പുലരുന്ന ഒരേ ഒരു ഗ്രഹമാണ് നമ്മുടെ ഭൂമി. ഹരിതഗ്രഹം എന്നാണിത് അറിയപ്പെടുന്നത്. മണ്ണുറഞ്ഞ ധ്രുവപ്രദേശങ്ങളിലും മണലാരണ്യങ്ങളിലും വെള്ളത്തിലും കരയിലും കരിമ്പാറയിലുമെല്ലാം സസ്യങ്ങൾ വളരുന്നു. സൂക്ഷ്മദർശിനിയുടെ സഹായത്താൽ മാത്രം കാണാവുന്ന ഏകദേശം ആൽഗകൾ മുതൽ നൂറ്റിയിരുപത് മീറ്ററിലേറെ ഉയരമുള്ള റെഡ് വുഡ് (red wood) മരങ്ങൾ വരെ, വലുപ്പത്തിലും ഘടനയിലും ആകൃതിയിലുമെല്ലാം വ്യത്യസ്തത പുലർത്തുന്ന ലക്ഷക്കണക്കിന് സസ്യജാതികൾ ഇവിടെ വളരുന്നു. ആയുർദൈർഘ്യത്തിന്റെ കാര്യത്തിലും ഈ വൈവിധ്യം കാണാം. ഏതാനും മാസങ്ങൾ മാത്രം ആയുസ്സുള്ള മഷിത്തണ്ട്, തുമ്പ, ചീര തുടങ്ങിയ ദുർബലകാണ്ഡമുള്ള സസ്യങ്ങൾ മുതൽ നാലായിരം വർഷങ്ങൾ കഴിഞ്ഞിട്ടും ഇന്നും വളർന്നുകൊണ്ടേയിരിക്കുന്ന കാലിഫോർണിയയിലെ റെഡ് വുഡ് മരങ്ങൾ വരെ ഇക്കൂട്ടത്തിലുണ്ട്.

അതുപോലെ സസ്യങ്ങളിൽ പൂക്കുന്നവയും പൂക്കാത്തവയുമുണ്ട്. പൂക്കളിൽത്തന്നെ നിറത്തിലും ആകൃതിയിലും ഘടനയിലുമെല്ലാം ഇവ എന്തൊരു വ്യത്യസ്തതകളാണ് പുലർത്തുന്നത്! ഇത്രയൊക്കെ വൈവിധ്യമുള്ളപ്പോൾത്തന്നെ ആകൃതിയിലും ഘടനയിലും വലുപ്പത്തിലുമെല്ലാം പൊതുമാനതകൾ ഉള്ളവയുമുണ്ട്. മാവും പ്ലാവും വലുപ്പത്തിൽ സാമ്യം പുലർത്തുമ്പോൾ താമരയും ആമ്പലും/ആകൃതിയിൽ സമാനത പ്രകടിപ്പിക്കുന്നു. ഈ പൊതുസാമ്യ-വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ സസ്യങ്ങളെ വർഗീകരിക്കാനുള്ള ശ്രമങ്ങൾക്ക് പുരാതന ഇന്ത്യ, ചൈന, ഗ്രീസ് എന്നിവിടങ്ങളിലെല്ലാം ശ്രമങ്ങൾ നടന്നിരുന്നു.

സസ്യങ്ങളുടെ ഓരോ ഭാഗവും എന്തെല്ലാം ആവശ്യങ്ങൾക്കു പ്രയോജനപ്പെടുത്താമെന്നു പരിചയസമ്പത്തിലൂടെ തിരിച്ചറിഞ്ഞവരായിരുന്നു പ്രാചീനഭാരതീയർ. സിന്ധുനദീതടസംസ്കാരകാലം മുതലുള്ള ധാരാളം തെളിവുകൾ ഇതു വ്യക്തമാക്കുന്നു. ഹാരപ്പയിൽനിന്നും മോഹൻജൊദാരോവിൽനിന്നും ഗോതമ്പ്, ബാർലി, പരുത്തി എന്നിവയുടെ അവശിഷ്ടങ്ങൾ ലഭിച്ചിട്ടുണ്ട്. ബി.സി. 1000 ാം നൂറ്റാണ്ടുകൾക്കു മുൻപുതന്നെ അരി ഇന്ത്യയിൽ ഭക്ഷണമായും രോഗചികിത്സകൾക്കും ഉപയോഗിച്ചിരുന്നു എന്നതിന് അഥർവവേദത്തിലും സംസ്കൃതത്തിലും വിവരണമുണ്ട്.

ഋഗ്വേദത്തിലാകട്ടെ സസ്യങ്ങളെ പ്രധാനമായും വൃക്ഷങ്ങൾ, ഔഷധങ്ങൾ, വിരൂഢങ്ങൾ (വള്ളികൾ) എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു. അവയെ വീണ്ടും പുഷ്പവതികൾ, അപുഷ്പികൾ, ഫലവതികൾ, ഫലമില്ലാത്തവ, പുല്ലുവർഗത്തിൽപ്പെട്ടവ (തൃണം) എന്നിങ്ങനെ വർഗീകരിച്ചിട്ടുണ്ട്. അഥർവവേദത്തിലാകട്ടെ പടരുന്നവ (പ്രസ്തൃണതി), കുറ്റിച്ചെടി (സ്തംബിനി), ഏകപുഷ്പപുടം (ഏകശുംശ), നീണ്ടുപോകുന്നവ (അംശുമതി), ബന്ധങ്ങളുള്ളവ (കാണ്ഡിനി), നീണ്ട ശാഖകൾ ഉള്ളവ (വിശാഖ), ദ്രോഹമില്ലാത്തവ (നഘാരിഷ), മധുരമുള്ളവ (മധുമതി) എന്നീ രീതിയിലും വർഗീകരിച്ചിരിക്കുന്നു. ചരകൻ, സുശ്രുതൻ, വാഗ്ഭടൻ എന്നിവരുടെ കൃതികളിലും സസ്യങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും കാണാം.

**129.** എല്ലായിടത്തും വളരുന്നതെന്ത് ?

(1) കോഴി
(2) സസ്യങ്ങൾ
(3) കൊന്ന
(4) ചെന്നായ

**130.** ഹരിതഗ്രഹം എന്ന് അറിയപ്പെടുന്നത് എന്ത് ?

(1) ഭൂമി
(2) ചൊവ്വ
(3) വ്യാഴം
(4) ചന്ദ്രൻ

**131.** പുരാതനകാലത്തേ സസ്യങ്ങളെ വർഗീകരിക്കാൻ ശ്രമിച്ച രാജ്യമേത് ?

(1) ആഫ്രിക്ക
(2) ഇന്ത്യ
(3) ജപ്പാൻ
(4) അമേരിക്ക

**132.** ഋഗ്വേദത്തിൽ സസ്യങ്ങളെ എത്രയായി തരംതിരിച്ചിരിക്കുന്നു ?

(1) മൂന്ന്
(2) നാല്
(3) അഞ്ച്
(4) രണ്ട്

**133.** മൂവായിരം വർഷം മുൻപേ അരി രോഗചികിത്സയ്ക്ക് ഉപയോഗിച്ചിരുന്ന രാജ്യം ഏത് ?

(1) ശ്രീലങ്ക
(2) ആസ്ത്രേലിയ
(3) ഫ്രാൻസ്
(4) ഭാരതം

**134.** നീണ്ടുപോകുന്ന സസ്യങ്ങളെ അഥർവ വേദം വിളിച്ചത് എന്ത് ?

(1) കാണ്ഡിനി
(2) അംശുമതി
(3) മധുമതി
(4) സ്തംബിനി

**135.** ഈ ഗദ്യഭാഗം വിവരിക്കുന്നത് എന്തിനെപ്പറ്റി ?

(1) ഭൂമിശാസ്ത്രം
(2) കാലാവസ്ഥ
(3) ആയുർവേദം
(4) സസ്യലോകം

***നിർദ്ദേശങ്ങൾ :*** *ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക (ചോദ്യം 136 മുതൽ 150 വരെ).*

**136.** വാക്കുകളുടെ അർത്ഥം അവയുടെ സന്ദർഭത്തോടു ബന്ധപ്പെടുത്തി മനസ്സിലാക്കുന്നതിനുള്ള വായനയെ ബലപ്പെടുത്തുന്നതിനുള്ള ഒരു മാർഗമാണ്,

(1) മധ്യോപരിസമീപനം
(2) സമഗ്രഭാഷാസമീപനം
(3) ഘടനാപരമായ സമീപനം
(4) ആശയവിനിമയസമീപനം

**137.** ഭാഷാപരമായി ചിന്തിക്കാനും പറയാനുമുള്ള ശേഷിയാണ്,

(1) ഒരു വിദഗ്ദ്ധപ്രഭാഷകൻ

(2) വികസ്വരസാക്ഷരത

(3) അധിഭാഷാശാസ്ത്രശേഷികൾ

(4) സ്വരവിജ്ഞാനപരമായ അറിവ്

**138.** തന്റെ കുട്ടി ചിലപ്പോഴൊക്കെ മുതിർന്നവരോ കുട്ടികളോ ഒരിക്കലും പറഞ്ഞു കേട്ടിട്ടില്ലാത്ത വാക്കുകൾ പറയുന്നതായി ഒരമ്മ ക്ലാസ് IIലെ അദ്ധ്യാപികയോട് പറഞ്ഞു. ഇത് എങ്ങനെ സാധ്യമാകുന്നു? താഴെ കൊടുത്തവയിൽ ഏതാണ് ഈ ചോദ്യത്തിന്റെ ഏറ്റവും യോജിച്ച ഉത്തരം?

(1) ഭാഷ പഠിക്കുന്നതിനുവേണ്ടി സഹജമായി ക്രമപ്പെടുത്തിയിട്ടുള്ളതാണ് മനുഷ്യമസ്തിഷ്കം

(2) കുട്ടിയുടെ ഭാഷയെ നാം ആവർത്തിച്ചു വികസിപ്പിക്കുമ്പോൾ കുട്ടി ഭാഷ പഠിക്കുന്നു

(3) ജ്ഞാനനിർമ്മിതിവാദപ്രകാരം കുട്ടികൾക്ക് പുതിയ ഭാഷകൾ കണ്ടുപിടിക്കാൻ കഴിയും

(4) കുട്ടി മുതിർന്നവരെ അനുകരിച്ചാണ് ഭാഷ പഠിക്കുന്നത്

**139.** ആദ്യകാലസാക്ഷരത സുഗമമാക്കാനുള്ള ഒരു തന്ത്രം. അതിൽ ഒരു മുതിർന്നയാളും കുട്ടിയുമുണ്ട്. ഇരുവരും ഒരു ബുക്കിൽ ഒരുമിച്ചു നോക്കുന്നു. മുതിർന്നയാൾ ചോദ്യങ്ങൾ ചോദിക്കുകയും സംഭാഷണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. പിന്നാലെ കുട്ടി മുതിർന്ന വ്യക്തിയോട് ഇതുപോലെ ചോദ്യങ്ങൾ ചോദിക്കുന്നു. ഇതാണ്,

(1) പങ്കാളിത്തവായന

(2) സംഭാഷണവായന

(3) കഥപറച്ചിൽ

(4) മാതൃകാവായന

**140.** പഠിതാക്കളുടെ ഭാഷാപരമായ ശ്രദ്ധാനൈപുണികളെ വികസിക്കാൻ അദ്ധ്യാപിക ചെയ്യുന്നത്

(1) മറ്റു ഭാഷാനൈപുണികളോടൊന്നും ബന്ധിപ്പിക്കാതെ ശ്രദ്ധാനൈപുണിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുക

(2) അനവധി സ്രോതസ്സുകളും വ്യക്തികളുമായി കുട്ടികൾക്ക് ബന്ധപ്പെടാൻ അവസരം സൃഷ്ടിക്കുകയും അവരെ ശ്രദ്ധിക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുകയും ചെയ്യുക

(3) അലസമായി കേൾക്കുന്നതിൽപ്പോലും ശ്രദ്ധിക്കാൻ പറ്റുന്നവരാക്കി കുട്ടികളെ മാറ്റുക.

(4) ക്ലാസിനകത്തും പുറത്തും വിദ്യാർത്ഥികളുമായി നിരന്തരം സംസാരിക്കുക

**141.** *ദൃഢീകരണം (A) :*
പ്രാഥമികതലത്തിൽ ഭാഷാപരമായ കൃത്യത പരമപ്രധാനമാണ്.
*കാരണം (R) :*
പ്രാഥമികതലത്തിൽ പാഠ്യപദ്ധതിയിലെ അവിഭാജ്യഘടകമാണ് വ്യാകരണം.
താഴെ കൊടുത്തിട്ടുള്ള കോഡുകളിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുക്കുക

(1) (A) യും (R) ഉം ശരി, (A) യുടെ ശരിയായ വിശദീകരണമല്ല (R)
(2) (A) ശരിയാണ്, (R) ശരിയല്ല
(3) (A) ശരിയല്ല, (R) ശരിയാണ്
(4) (A) യും (R) ഉം ശരി, (A) യുടെ ശരിയായ വിശദീകരണമാണ് (R)

**142.** ഭാഷയെക്കുറിച്ചുള്ള സിദ്ധാന്തപരമായ പദവികളും ഭാഷാബോധനത്തിന്റെ സ്വഭാവവും ഇവ രണ്ടിന്റെയും പാഠ്യബോധനശാസ്ത്രവുമായുള്ള പ്രായോഗികതയാണ്,

(1) ഉള്ളടക്കം
(2) സമീപനം
(3) തന്ത്രം
(4) സിലബസ്

**143.** സംരചനാമൂല്യനിർണയമാണ്,

(1) നിലവിലെ വികസനവും പുരോഗതിയുമായി ബന്ധപ്പെട്ടത്
(2) കോഴ്സിന്റെ പൂർവനിശ്ചിതമോ സവിശേഷമോ ആയ ഒരു ഘട്ടത്തിൽ ഉണ്ടായത്
(3) മാറ്റത്തിനു വിഷയീഭവിക്കാത്തത്
(4) പഠന-പാഠനപ്രക്രിയയിൽ എന്തു സംഭവിക്കുന്നു എന്നത്

**144.** ചെറിയ കുട്ടികൾക്കു വേണ്ട പാഠം തയ്യാറാക്കുമ്പോൾ അദ്ധ്യാപിക സമഗ്ര ശാരീരികപ്രതികരണരീതിയിൽ (TPR) ശ്രദ്ധ കേന്ദ്രീകരിക്കാൻ തീരുമാനിച്ചു. ടി.പി.ആർ. പാഠത്തിൽ ഉൾപ്പെടുത്തുന്നതിന് അദ്ധ്യാപിക നിർബന്ധമായും പാലിക്കേണ്ടത് താഴെ കാണുന്നവയിൽ ഏതാണ്?

(1) ഇരിപ്പിടത്തിൽ ഇരുന്നുതന്നെ ഇണകളായോ സംഘമായോ ചെയ്യാൻ കുട്ടികളെ സഹായിക്കുന്നത്
(2) ക്ലാസിൽ ചില ശ്രദ്ധാകേന്ദ്രിത പ്രവർത്തനങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്
(3) പ്രവർത്തനങ്ങൾ മാറ്റിവച്ചിട്ട് പ്രതികരിക്കാൻ തയ്യാറാക്കുന്ന ചോദ്യങ്ങൾ ചോദിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്യേണ്ടതാണ്.
(4) ശാരീരികപ്രവർത്തനങ്ങൾ ക്ലാസിൽ ഉൾപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്

**145.** ഭാഷാപഠനമെന്നത് ചട്ടങ്ങളുടെ അഭ്യാസമാണെന്ന വിശ്വാസത്തെ പ്രോത്സാഹിപ്പിക്കുന്നത് വ്യാകരണത്തോടുള്ള ഏതു സമീപനമാണ് ?

(1) ഇൻസക്ടീവ്

(2) ആശയസംവേദന

(3) വ്യാകരണവിവർത്തന

(4) നിഗമനരീതി

**146.** ക്ലാസ് Vലെ പഠിതാക്കൾക്ക് ഒരു സ്വതന്ത്ര രചനാനിയോഗം നൽകാൻ അദ്ധ്യാപിക തയ്യാറെടുക്കുകയാണ്. താഴെയുള്ളവയിൽ ഏതിലാണ് മിക്ക അദ്ധ്യാപകരും ശ്രദ്ധ പതിപ്പിച്ചിരിക്കേണ്ടത് ?

(1) ഉള്ളടക്കത്തിന്റെ അനർഗ്ഗളത

(2) അനർഗ്ഗളതയും കൃത്യതയും ഒന്നുപോലെ ഉണ്ടാകണം

(3) അദ്ധ്യാപികയുടെ കൈയക്ഷരം

(4) ഉള്ളടക്കത്തിന്റെ കൃത്യത

**147.** മേൽകീഴ് എന്നതിനർത്ഥം, എല്ലാ അർത്ഥത്തിലും ശ്രദ്ധിക്കുക എന്നതാണ്. 'കീഴ്മേൽ' എന്നതിന്റെ അർത്ഥമെന്ത് ?

(1) പൂർവവായനയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക

(2) പാഠത്തിലെ വാക്കുകളിലും ശൈലികളിലും ശ്രദ്ധ കേന്ദ്രീകരിക്കുക

(3) സംക്ഷിപ്തമായ ഉത്തരങ്ങൾ കിട്ടാൻ വേണ്ട ചോദ്യങ്ങൾ ചോദിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

(4) പാഠത്തിന്റെ ചുരുക്കത്തിലും അമൂർത്തമായ ആശയങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുക

**148.** ഇക്കൂട്ടത്തിൽ ഭാഷാദ്ധ്യാപികയുടെ പ്രാഥമികമായ ഉത്തരവാദിത്വം ഏത് ?

(1) പഠിപ്പിക്കാനുള്ള ഉചിതമായ ഉള്ളടക്കത്തിന്റെ തിരഞ്ഞെടുക്കൽ

(2) പഠിതാക്കളെ വിവിധ ക്ലാസുകളായി തരംതിരിക്കുക

(3) പഠിതാക്കളെ പഠിപ്പിക്കുക

(4) പഠിതാക്കളുടെ ആശയവിനിമയാവശ്യങ്ങൾ തിരിച്ചറിയുക

**149.** ഒരു കൊച്ചുകുട്ടി ഒരു ബുക്ക് എടുക്കുന്നു, വലതുവശം മേലോട്ട് ഉയർത്തിപ്പിടിക്കുന്നു, എന്നിട്ട് പേജുകൾ മറിക്കുന്നു. ഇതെല്ലാം ഉൾപ്പെടുന്നത്,

(1) വികസ്വരപാഠ്യപദ്ധതി

(2) വികസ്വരവസ്തുക്കൾ

(3) വികസ്വരപരിഹാരനൈപുണികൾ

(4) വികസ്വരസാക്ഷരതാ നൈപുണികൾ

**150.** *ദൃഢീകരണം (A) :*
പഠിതാക്കൾ ജനിതകമായി വേർവതിരിയുന്നതോടുകൂടിത്തന്നെ ഭാഷ കൈവരിക്കുന്നു. ചുറ്റുപാടുകൾ അതിൽ ഒരു പങ്കും വഹിക്കുന്നില്ല.
*കാരണം (R) :*
ഭാഷാസമാർജ്ജനത്തിൽ വിദ്യാർത്ഥി കേന്ദ്രിത ക്ലാസ് മുറി അന്തരീക്ഷം ഗണ്യമായ ഫലപ്രാപ്തി നൽകുന്നു.
താഴെ കാണുന്നവയിൽനിന്ന് ഏറ്റവും യോജിച്ച ഉത്തരം തിരഞ്ഞെടുക്കുക.

(1) (A) യും (R) ഉം ശരി, (A) യുടെ ശരിയായ വിശദീകരണമല്ല (R)

(2) (A) ശരി, (R) ശരിയല്ല

(3) (A) ശരിയല്ല, (R) ശരിയാണ്

(4) (A) യും (R) ഉം ശരി, (A) യുടെ ശരിയായ വിശദീകരണമാണ് (R)

## SPACE FOR ROUGH WORK

**താഴെ തന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക :**

1. വ്യത്യസ്തചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ട രീതി പരീക്ഷാപുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്, ചോദ്യങ്ങൾക്ക് യഥാർത്ഥത്തിൽ ഉത്തരം നൽകുന്നതിനുമുൻപ് നിങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
2. ഒരോ ചോദ്യത്തിനും നാലു പക്ഷാന്തരങ്ങൾ തന്നിരിക്കുന്നു. അവയിൽ ശരിയുത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിന്റെ സൈഡ്-2ൽ നീല/കറുപ്പ് ബോൾ പോയിന്റ് പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.
3. ഉത്തരക്കടലാസ്സ് മടക്കുകയോ അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ ആവരുത് എന്ന് പരീക്ഷാർത്ഥികൾ ഉറപ്പു വരുത്തുക. വ്യക്തപ്പെടുത്തിയ ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾനമ്പർ എഴുതരുത്.
4. പരീക്ഷാപുസ്തകം സൂക്ഷിച്ച് കൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാപുസ്തക സങ്കേതമോ ഉത്തരക്കടലാസ്സിലെ കോഡുമോ തമ്മിൽ ഉള്ള അപാകതയൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.
5. ഹാജർ ഷീറ്റിൽ ശരിയായ പരീക്ഷാപുസ്തകസങ്കേതവും ഉത്തരക്കടലാസ്സ് സങ്കേതവും പരീക്ഷാർത്ഥി എഴുതിയിരിക്കണം.
6. OMR ഉത്തരക്കടലാസിൽ കോഡ് ചെയ്ത വിവരങ്ങൾ ഒരു മെഷീൻ വായിക്കും. അതിനാൽ ഒരു വിവരവും അപൂർണ്ണമായി ഉപേക്ഷിക്കരുത് കൂടാതെ അത് അഡ്മിറ്റ് കാർഡിൽ നൽകിയിരിക്കുന്ന വിവരങ്ങളിൽനിന്ന് വ്യത്യസ്തമായിരിക്കരുത്.
7. പരീക്ഷാ ഹാളിൽ/മുറിയിൽ അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ, കടലാസ്സുകഷണങ്ങളോ, പേജറോ, മൊബൈൽ ഫോണോ, വൈദ്യുതി ഉപകരണങ്ങളോ, അഡ്മിറ്റ് കാർഡ് ഒഴിച്ച് മറ്റൊരു വസ്തുവോ അനുവദനീയമല്ല.
8. മൊബൈൽ ഫോണുകൾ, വയർലെസ് കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ (സ്വിച്ച് ഓഫ് മോഡിൽ പോലും), നിരോധിച്ച മറ്റ് ഇനങ്ങൾ എന്നിവ പരീക്ഷാ ഹാളുകളിലും മുറികളിലും കൊണ്ടുവരരുത്. ഈ നിർദ്ദേശം പാലിക്കുന്നതിൽ പരാജയപ്പെടുന്നത് പരീക്ഷയിൽ അന്യായമായ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതായി കണക്കാക്കുകയും പരീക്ഷ റദ്ദാക്കൽ ഉൾപ്പെടെ ഉദ്യോഗാർത്ഥിക്കെതിരെ നടപടിയെടുക്കുകയും ചെയ്യും.
9. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററിനെ അഡ്മിറ്റ് കാർഡ് കാണിയ്ക്കേണ്ടതാണ്.
10. സെന്റർ സൂപ്രണ്ടിന്റെയോ ഇൻവിജിലേറ്ററിന്റെയോ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.
11. ഹാജർഷീറ്റ് രണ്ടു തവണ ഒപ്പിടാതെയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജിലേറ്ററിനെ ഏല്പിക്കാതെയും പരീക്ഷാർത്ഥി പരീക്ഷാ ഹാൾ/റൂം വിടരുത്. രണ്ടാം പ്രാവശ്യം ഹാജർ ഷീറ്റ് ഒപ്പിടാത്ത കോഡുകൾ ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും, തെറ്റായ രീതി കൈക്കൊണ്ടതായും കണക്കാക്കും. **പരിക്ഷാർത്ഥി തന്റെ ഇടതു തള്ളവിരലടയാളം ഹാജർ ഷീറ്റിൽ അനുവദിച്ചിരിക്കുന്ന സ്ഥലത്ത് പതിച്ചിരിക്കണം.**
12. വൈദ്യുതി ഉപയോഗിച്ചതോ/മാനുഷികമായതോ ആയ കാൽക്കുലേറ്റർ നിരോധിച്ചിരിക്കുന്നു.
13. എക്സാമിനിംഗ് ബോഡിയുടെ എല്ലാ നിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്കു ബാധകമാണ്. പരീക്ഷാ ഹാളിൽ/റൂമിൽ തെറ്റായ എല്ലാ രീതികൾക്കും എക്സാമിനിംഗ് ബോഡിയുടെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.
14. പരീക്ഷാപുസ്തകത്തിന്റെയും ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടുത്താൻ പാടില്ല.
15. **പരീക്ഷ എഴുതിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററിനെ ഏല്പിച്ചിരിയ്ക്കണം.** ***ഈ പുസ്തകം പരീക്ഷാർത്ഥിക്ക് കൂടെ കൊണ്ടുപോകാവുന്നതാണ്.***

**READ THE FOLLOWING INSTRUCTIONS CAREFULLY :**

1. The manner in which the different questions are to be answered has been explained in the Test Booklet which you should read carefully before actually answering the questions.
2. Out of the four alternatives for each question, only one circle for the correct answer is to be darkened completely with **Blue/Black Ball Point Pen** on **Side-2** of the OMR Answer Sheet. The answer once marked is not liable to be changed.
3. The candidates should ensure that the Answer Sheet is not folded. Do not make any stray marks on the Answer Sheet. Do not write your Roll No. anywhere else except in the specified space in the Answer Sheet.
4. Handle the Test Booklet and Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and Answer Sheet Code or Number), another set will be provided.
5. The candidates will write the correct Test Booklet Code and Number as given in the Test Booklet/Answer Sheet in the Attendance Sheet.
6. A machine will read the coded information in the OMR Answer Sheet. Hence, no information should be left incomplete and it should not be different from the information given in the Admit Card.
7. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the Examination Hall/Room.
8. Mobile phones, wireless communication devices (even in switched off mode) and the other banned items should not be brought in the examination halls/rooms. Failing to comply with this instruction, will be considered as using unfair means in the examination and action will be taken against the candidate including cancellation of examination.
9. Each candidate must show on demand his / her Admit Card to the Invigilator.
10. No candidate, without special permission of the Centre Superintendent or Invigilator, should leave his / her seat.
11. The candidates should not leave the Examination Hall/Room without handing over their Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where candidate has not signed the Attendance Sheet second time will be deemed not to have handed over the Answer Sheet and dealt with as an unfair means case. **The candidates are also required to put their left-hand THUMB impression in the space provided in the Attendance Sheet.**
12. Use of Electronic/Manual Calculator is prohibited.
13. The candidates are governed by all Rules and Regulations of the Examining Body with regard to their conduct in the Examination Hall/Room. All cases of unfair means will be dealt with as per Rules and Regulations of the Examining Body.
14. No part of the Test Booklet and Answer Sheet shall be detached under any circumstances.
15. **On completion of the test, the candidate must hand over the Answer Sheet to the Invigilator in the Room/Hall.** ***The candidates are allowed to take away this Test Booklet with them.***

**निम्नलिखित निर्देशों को ध्यान से पढ़ें :**

1. जिस प्रकार से विभिन्न प्रश्नों के उत्तर दिए जाने हैं उसका वर्णन परीक्षा पुस्तिका में किया गया है, जिसे आप प्रश्नों का उत्तर देने से पहले ध्यान से पढ़ लें ।
2. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर पत्र के **पृष्ठ-2** पर केवल एक वृत्त को ही पूरी तरह **नीले/काले बॉल पॉइन्ट पेन** से भरें । एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है ।
3. परीक्षार्थी सुनिश्चित करें कि इस उत्तर पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ । परीक्षार्थी अपना अनुक्रमांक उत्तर पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें ।
4. परीक्षा पुस्तिका एवं उत्तर पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं उत्तर पत्र के कोड या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी ।
5. परीक्षा पुस्तिका/उत्तर पत्र में दिए गए परीक्षा पुस्तिका कोड व संख्या को परीक्षार्थी सही तरीके से उपस्थिति-पत्र में लिखें ।
6. OMR उत्तर पत्र में कोडित जानकारी को एक मशीन पढ़ेगी । इसलिए कोई भी सूचना अधूरी न छोड़ें और यह प्रवेश पत्र में दी गई सूचना से भिन्न नहीं होनी चाहिए ।
7. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश पत्र के सिवाय किसी प्रकार की पाठ्य सामग्री, मुद्रित या हस्तलिखित, काग़ज़ की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है ।
8. मोबाइल फोन, बेतार संचार युक्तियाँ (स्विच ऑफ अवस्था में भी) और अन्य प्रतिबंधित वस्तुएँ परीक्षा हॉल/कक्ष में नहीं लाई जानी चाहिए । इस सूचना का पालन न होने पर इसे परीक्षा में अनुचित साधनों का प्रयोग माना जाएगा और परीक्षार्थी के विरुद्ध कार्यवाही की जाएगी, परीक्षा रद्द करने सहित ।
9. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-पत्र दिखाएँ ।
10. केन्द्र अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें ।
11. कार्यरत निरीक्षक को अपना उत्तर पत्र दिए बिना एवं उपस्थिति-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल/कक्ष नहीं छोड़ेंगे । यदि किसी परीक्षार्थी ने दूसरी बार उपस्थिति-पत्र पर हस्ताक्षर नहीं किए तो यह माना जाएगा कि उसने उत्तर पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा । **परीक्षार्थी अपने बाएँ हाथ के अँगूठे का निशान उपस्थिति-पत्र में दिए गए स्थान पर अवश्य लगाएँ ।**
12. इलेक्ट्रॉनिक/हस्तचालित परिकलक का उपयोग वर्जित है ।
13. परीक्षा-हॉल/कक्ष में आचरण के लिए परीक्षार्थी परीक्षण संस्था के सभी नियमों एवं विनियमों द्वारा नियमित हैं । अनुचित साधनों के सभी मामलों का फैसला परीक्षण संस्था के नियमों एवं विनियमों के अनुसार होगा ।
14. किसी भी परिस्थिति में परीक्षा पुस्तिका और उत्तर पत्र का कोई भाग अलग न करें ।
15. **परीक्षा सम्पन्न होने पर, परीक्षार्थी कक्ष/हॉल छोड़ने से पूर्व उत्तर पत्र निरीक्षक को अवश्य सौंप दें ।** ***परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं ।***